ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6/1629/2024/മെ.വി.വ.** **തീയതി:** 03-09-2024

## വിജ്ഞാപനം

### ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് 2024-2025
### (പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2024-2025 അധ്യയന വർഷം നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന്** അപേക്ഷിച്ചവരുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും, ഡി.എം.ഇ-യുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിലും ലിസ്റ്റ് പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിനെ കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ **2024 സെപ്റ്റംബർ മാസം 9-ന് വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ഇമെയിൽ **(Email ID :academicdme@gmail.com)** മുഖേന പരാതി അറിയിക്കേണ്ടതാണ്.

**<u>സർക്കാർ നഴ്സിംഗ് കോളേജുകളിലെ GNM(SC/ST) സീറ്റുകളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.</u>**

| ക്രമ നം. | സർക്കാർ നഴ്സിംഗ് കോളേജ് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | SC Girls- 24<br>SC Boys-6 |
| 2. | കോട്ടയം | ST Girls-24<br>ST Boys-6 |
| 3. | കോഴിക്കോട് | SC Girls- 24<br>SC Boys-6 |
| ആകെ സീറ്റുകളുടെ എണ്ണം | | 90 |

പ്രവേശനത്തിന് അർഹരായവരുടെ ഫൈനൽ റാങ്ക് ലിസ്റ്റ് 2024 **സെപ്റ്റംബർ മാസം 12-ന് ഡി.എം.ഇ-യുടെ വെബ് സൈറ്റിൽ** പ്രസിദ്ധീകരിക്കുന്നതാണ്. ഫൈനൽ റാങ്ക് ലിസ്റ്റിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത കോഴ്സിലേയ്ക്കുള ഇന്റർവ്യൂ താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

| തീയതി | സമയം | റാങ്ക് വിവരം | സ്ഥലം |
|---|---|---|---|
| 19/09/2024 | 10.30 am to 11.30 am | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളും (ST Girls & ST Boys) | **മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**<br><br>**മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം-695 011** |
| | 11.30 am onwards | **1. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 1 മുതൽ 60 വരെയുള്ള പട്ടികജാതി വിഭാഗം പെൺകുട്ടികൾ**<br><br>**2. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 1 മുതൽ 20 വരെയുള്ള പട്ടികജാതി വിഭാഗം ആൺകുട്ടികൾ** | |

**ഇന്റർവ്യൂവിന് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ എസ്.എസ്.എൽ.സി, പ്ലസ്ടു/തത്തുല്യം, കമ്മ്യൂണിറ്റി, T.C / NOC , നേറ്റിവിറ്റി(ബാധകമെങ്കിൽ) , സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ ഹാജരാക്കേണ്ടതാണ്.** ആരോഗ്യപരമായ കാരണത്തിൽ പ്രസ്തുത ഇന്റർവ്യൂ ദിവസം ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അനുമതിപത്രം (വെബ് സൈറ്റിൽ ലഭ്യമാണ്), മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ പൂരിപ്പിച്ച് ചുതലപ്പെടുത്തുന്ന വ്യക്തി മുഖേന, അന്നേ ദിവസം അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം പിന്നീട് പരിഗണിക്കുന്നതല്ല.

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ സീറ്റുകളിലേയ്ക്ക്, എസ്.ടി വിഭാഗം വിദ്യാർത്ഥികളുടെ അഭാവത്തിൽ, എസ്.സി വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

**പ്ലസ് 2 (സയൻസ്) യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രമേ മറ്റ് വിഷയങ്ങളിൽ പ്ലസ് 2 യോഗ്യതയുള്ളവരെ പരിഗണിക്കുകയുള്ളൂ.**

വിദ്യാർത്ഥികളോടൊപ്പം ഒരു രക്ഷകർത്താവ് മാത്രം ഇന്റർവ്യൂവിന് ഹാജരായാൽ മതിയാകും. മേൽ പറഞ്ഞ തീയതിയിൽ ഇന്റർവ്യൂവിന് പങ്കെടുക്കാത്ത വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട അല്ലോട്ട്മെന്റിന് പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പിന്നീട് സ്പോട്ട് അഡ്മിഷൻ ആവശ്യമായി വരുകയാണെങ്കിൽ ആയതിൽ മാത്രമേ അവരെ പരിഗണിക്കുവാൻ കഴിയുള്ളൂ.

വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

Signed by
Thomas Mathew
Date: 03-09-2024 08:48:20

വിശ്വസ്തതയോടെ,

THOMAS MATHEW
DIRECTOR

പകർപ്പ്: 1. പട്ടികജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം

2. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം

3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം

4. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവന്തപുരം

5. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ കോട്ടയം/ കോഴിക്കോട്

6. ഡി.എം.ഇ/ ജെ.ഡി.എം.ഇ (എം& ജി)/ ജെ.ഡി.എൻ.ഇ/എന്നിവരുടെ സി.എ മാർക്ക്

7. എ.എ.3/ സീനിയർ സൂപ്രണ്ട് (ബി സെക്ഷൻ), ഡി.എം.ഇ ഓഫീസ്

8. നോട്ടീസ് ബോർഡ്

9. സർജന്റ് (ഡി.എം.ഇ. ഓഫീസ്)

10. സെക്യൂരിറ്റി ഓഫീസർ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

11. സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം